സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിച്ചിട്ടുളള വായ്പകളുടെ പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 10994/17/Est-3** നന്തൻകോട്, **03/10/2023**

---

പരാമർശം :- 1) 13-12-2017 ലെ Roc 10994/17/Est-3 നമ്പർ ബോർഡ് ഉത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസിലെ 29-07-2023 ലെ DA 1292/23/SL നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ജോലി നോക്കുന്ന സ്ഥിരം ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടുളള വായ്പ തുകകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ലഭിച്ച പരാമർശം (2) റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

| നം | വായ്പ ഇനം | പരമാവധി വായ്പ തുക | പലിശ നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | ഭവന വായ്പ (ഗൃഹനിർമ്മാണം/ഗൃഹം വിലയ്ക്ക് വാങ്ങൽ) | 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 9.5 % | സ്ഥിരം ജീവനക്കാരിൽ കുറഞ്ഞത് 10 വർഷം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രസ്തുത ലോൺ അനുവദിക്കുന്നതാണ്. |
| 2 | ഹൗസ് മെയിന്റനൻസ് വായ്പ | 3,00,000/- | 9.5 % | സ്ഥിരം ജീവനക്കാരിൽ കുറഞ്ഞത് 5 വർഷം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രസ്തുത ലോൺ അനുവദിക്കുന്നതാണ്. |
| 3 | കാർ ലോൺ | 5,00,000/- | 10 % | സ്ഥിരം ജീവനക്കാരിൽ കുറഞ്ഞത് 5 വർഷം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രസ്തുത ലോൺ അനുവദിക്കുന്നതാണ്. |
| 4 | സ്കൂട്ടർ ലോൺ | 75,000/- | 10 % | സ്ഥിരം ജീവനക്കാരിൽ കുറഞ്ഞത് 5 വർഷം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രസ്തുത ലോൺ അനുവദിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | വിവാഹ വായ്പ | 2,00,000/- | 9 % | ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ കുറഞ്ഞത് 5 വർഷം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രസ്തുത ലോൺ അനുവദിക്കുന്നതാണ്. |

1. കാരാണ്മ ഒഴികെയുള്ള പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള എല്ലാ ഫുൾടൈം ജീവനക്കാർക്കും പ്രസ്തുത ലോണുകൾ ലഭിക്കാൻ അർഹത ഉണ്ടാകുന്നതാണ്. വായ്പകളുടെ തിരിച്ചടവ് ശേഷി (തിരിച്ചടവ് തുകയുൾപ്പെടെ എല്ലാ റിക്കവറികളും കൂടി ശമ്പളത്തിന്റെ 60 % അധികരിക്കാത്ത വിധം) തെളിയിക്കുന്നതിനായി സാലറി സർട്ടിഫിക്കറ്റും അപേക്ഷാഫാറവും ബന്ധപ്പെട്ട ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലോൺ തുക തിട്ടപ്പെടുത്തി അനുവദിക്കാൻ പാടുള്ളൂ.

2. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും ബഡ്ജറ്റിൽ അധികരിക്കാത്ത വിധത്തിലും മാത്രമേ വായ്പ തുകകൾ അനുവദിക്കേണ്ടതുള്ളൂ.

3. സ്കൂട്ടർ, കാർ ലോണുകൾക്ക് അപേക്ഷിക്കുന്നവർ പ്രസ്തുത വാഹനങ്ങൾക്കായി മാത്രമേ തുക ചെലവാക്കുകയുള്ളൂ എന്ന സാക്ഷ്യപത്രം വിശ്വാസത്തിൽ എടുത്ത് വായ്പാ തുക അനുവദിക്കുന്നതാണ്.

4. ഒരു ജീവനക്കാരന് സർവ്വീസ് കാലയളവിൽ ഭവന വായ്പ ഹൗസ് മെയിന്റനൻസ് വായ്പ എന്നിവകൾ ഒരു തവണയും മറ്റ് എല്ലാ ലോണുകളും രണ്ട് തവണയും അനുവദിക്കുന്നതാണ്.

5. എല്ലാ വായ്പകൾക്കും നൽകുന്ന വയ്പാ തുകയുടെ 0.5 % പ്രോസസ്സിംഗ് ഫീസ് ഈടാക്കണം.

6. ഭവന വായ്പയുടെ പരമാവധി തിരിച്ചടവ് കാലാവധി 144 മാസവും ഹൗസ് മെയിന്റനൻസ് വായ്പയുടേയും വാഹന വായ്പയുടേയും പരമാവധി തിരിച്ചടവ് കാലാവധി 96 മാസവും വിവാഹ വായ്പയുടെ പരമാവധി തിരിച്ചടവ് കാലാവധി 60 മാസമായും നിശ്ചയിക്കുന്നു. എന്നാൽ എല്ലാ വായ്പ തിരിച്ചടവുകളും വിരമിക്കൽ തീയതിക്ക് ആറ് മാസം മുമ്പ് തീരും വിധത്തിൽ മാത്രമേ തവണകൾ തിട്ടപ്പെടുത്താൻ പാടുള്ളൂ.

7. വായ്പ തിരിച്ചടവ് മുടങ്ങുമ്പോൾ ഉണ്ടാകുന്ന പീനൽ പലിശ (2.5 % വർദ്ധനവിൽ) ഉൾപ്പെടെയുള്ള മറ്റ് എല്ലാ വ്യവസ്ഥകളും നിലവിലുള്ള രീതിയിൽ തന്നെ തുടരുന്നതാണ്.

8. 06–03–2019 ലെ ആർ.ഒ.സി. 13050/18/എസ്റ്റാ–1 നമ്പർ ബോർഡുത്തരവു പ്രകാരം സർവ്വീസിനിടയിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആകെ 5 ലക്ഷം രൂപ വരെയുള്ള ലോൺ ബാദ്ധ്യത എഴുതി തള്ളുന്നതിന് നിശ്ചയിച്ചിരുന്നു. അതിനുശേഷവും ലോൺ തുക അവശേഷിക്കുന്നുണ്ടെങ്കിൽ പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നോ അധികരിക്കുന്ന തുക ഉണ്ടെങ്കിൽ അത് പരേതന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കാവുന്നതാണ്. ഇതിന്റെ സമ്മതപത്രം കൂടി ലോൺ അനുവദിക്കുന്ന വേളയിൽ വായ്പാക്കാരൻ സമർപ്പിക്കേണ്ടതാണ്

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK